**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2868** **22-01-2021 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri. K. Krishnankutty**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | (എ) | കേരള ജല അതോറിറ്റി, അതിന്റെ ഉത്ഭവ കാലം മുതൽ തന്നെ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിനു ഒരു പരിധി വരെ സഹായകമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരീഫ് അനുസരിച്ച് ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന വെള്ളക്കരമാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗം. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. അവസാനമായി താരീഫ് പുതുക്കിയത് 2014ൽ ആണ് . 01.10.2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലി. വരെ ഉപയോഗിക്കുന്ന ഉപഭോക്താക്കളെ വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് ഇതും വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു.<br>സംഭരണശുദ്ധികരണവിതരണവുമായി ബന്ധപ്പെട്ട ഒരു കിലോ ലിറ്റർ വെള്ളം ഉപഭോക്താവിനു നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് ഏകദേശം 23.89 രൂപ ചെലവ് വരുന്നു. കുടിവെള്ള വിതരണം വഴി കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന ശരാശരി വരുമാനം ഒരു കിലോ ലിറ്ററിന് ഏകദേശം 10.48 രൂപയാണ്. മിനിമം ചാർജായി വാട്ടർ അതോറിറ്റി ഉപഭോക്താവിൽ നിന്നും വാങ്ങുന്നത് ഒരു കിലോ ലിറ്ററിന് (1000 ലിറ്റർ) 4 രൂപയാണ് (ഏറ്റവും ചെറിയ സ്ലാബ്). ഇത്തരത്തിൽ ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചിലവിനെക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ള വിതരണം ചെയ്യുന്നതു വഴി, കേരള വാട്ടർ |

| | | | |
|---|---|---|---|
| | | | അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് എത്തപ്പെടുന്നു. |
| (ബി) | പ്രസ്തുത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമായിട്ടുണ്ടോ; | (ബി) | സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി താഴെ പരാമർശിക്കുന്ന കർമ്മ പദ്ധതികൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിവരുന്നു. 1) വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിച്ചുവരുന്നു. 2) ഒട്ടനവധി പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കിയിട്ടുണ്ട്. 3) നഗരമേഖലയിലെ ചില പദ്ധതികൾക്ക് മുൻഗണന നൽകി പൂർത്തിയാക്കി വരുന്നു. |
| (സി) | വാട്ടർ അതോറിറ്റിക്ക് ഉണ്ടായിരുന്ന കടബാധ്യത ഒഴിവാക്കുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ഇതിനകം നൽകിയിട്ടുള്ളത് ; | (സി) | കേരള വാട്ടർ അതോറിറ്റി നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് 2016-17 വർഷത്തെ ബജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാറിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതി തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. ഇതിനോട് അനുബന്ധിച്ച് 2015-16 വരെ വാട്ടർ അതോറിറ്റി സർക്കാരിന് നൽകുവാനുള്ള വായ്പ തുകയായ 2281.57 കോടി രൂപ മൂലധനമാക്കിമാറ്റുവാനും അതിന്റെ പലിശയായി 1449.85 കോടി രൂപ എഴുതി തള്ളണമെന്ന് KWAഅഭ്യർത്ഥിച്ചിട്ടുണ്ട്. 30.9.2018 വരെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജിനത്തിലുള്ള കുടിശ്ശികയായി കെ.എസ്.ഇ.ബി യ്ക്ക് നൽകുവാനുള്ള 1326.69 കോടി രൂപ 4 വർഷങ്ങളിലായി തീർപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകുവാനുള്ള വെള്ളക്കര കുടിശ്ശിക 6% പലിശയിനത്തിൽ പുനക്രമീകരിച്ച്, ഗഡുക്കളായി 155.26 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റിൽ നിന്ന് കുറവ് വരുത്തി വാട്ടർ അതോറിറ്റിയ്ക്ക് നൽകുകയും ആ തുക കെ.എസ്.ഇ.ബിയ്ക്ക് നൽകുവാനുള്ള അനുമതി നൽകിയതിൻ പ്രകാരം പ്രസ്തുത തുക കെ.എസ്.ഇ.ബി യ്ക്ക് വാട്ടർ അതോറിറ്റി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കേരള വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള വായ്പത്തുക മൂലധനമായി മാറ്റുന്നതിനും, അതിന്റെ പലിശ എഴുതി | (ഡി) | കേരള വാട്ടർ അതോറിറ്റി നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് 2016-17 വർഷത്തെ ബജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാറിന് നൽകാനുള്ള 1004 കോടി |

| | | | |
|---|---|---|---|
| | തള്ളുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | രൂപയുടെ പലിശയും പിഴപ്പലിശയും എഴുതി തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. ഇതിനോട് അനുബന്ധിച്ച് 2015-16 വരെ വാട്ടർ അതോറിറ്റി സർക്കാരിന് നൽകുവാനുള്ള വായ്പ തുകയായ 2281.57 കോടി രൂപ മൂലധനമാക്കിമാറ്റുവാനും അതിന്റെ പലിശയായി 1449.85 കോടി രൂപ എഴുതി തള്ളണമെന്ന് KWAഅഭ്യർത്ഥിച്ചിട്ടുണ്ട്. 30.9.2018 വരെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജിനത്തിലുള്ള കുടിശ്ശികയായി കെ.എസ്.ഇ.ബിയ്ക്ക് നൽകുവാനുള്ള 1326.69 കോടി രൂപ 4 വർഷങ്ങളിലായി തീർപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകുവാനുള്ള വെള്ളക്കര കുടിശ്ശിക 6% പലിശയിനത്തിൽ പുനക്രമീകരിച്ച്, ഗഡുക്കളായി 155.26 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റിൽ നിന്ന് കുറവ് വരുത്തി വാട്ടർ അതോറിറ്റിയ്ക്ക് നൽകുകയും ആ തുക കെ.എസ്.ഇ.ബിയ്ക്ക് നൽകുവാനുള്ള അനുമതി നൽകിയതിൻ പ്രകാരം പ്രസ്തുത തുക കെ.എസ്.ഇ.ബി യ്ക്ക് വാട്ടർ അതോറിറ്റി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | വാട്ടർ അതോറിറ്റിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് വെള്ളക്കരം വർദ്ധിപ്പിക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് തീരുമാനം എടുത്തുവെന്ന് അറിയിക്കാമോ? | (ഇ) | ഉണ്ട്. വാട്ടർ ചാർജ് വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ